# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:09.08.2026**

### പ്രധാനവാർത്തകൾ

1. സ്വാതന്ത്ര്യദിനാഘോഷത്തിന് മുന്നോടിയായി ഹർ ഘർ തിരംഗ പ്രചാരണത്തിന് രാജ്യത്ത് തുടക്കമായി.
2. പട്ടികവർഗ ഊരുകളിൽ മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനായി ട്രൈബൽ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ.
3. സംസ്ഥാനത്ത് കനത്ത മഴയിലുണ്ടായ കൃഷിനാശത്തിൽ 110 കോടി രൂപയുടെ അടിയന്തര ധനസഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതായി മന്ത്രി ടി സിദ്ധിഖ്.
4. രാജ്യത്തെ യുവാക്കളെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലേക്ക് കൈപിടിച്ചു നടത്തിയ പ്രസ്ഥാനമാണ് മേരാ യുവഭാരത് എന്ന് മന്ത്രി ഒ.ജെ ജനീഷ്.
5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് 7 ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.
6. കൊറിയ മാസ്റ്റേഴ്സ് സൂപ്പർ 300 ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീടം ഇന്ത്യയുടെ അഷ്മിത ചാലിഹയ്ക്ക്.

&&&&&&&&&&&&&&&&&&

RNUTVPM

## ഹർ ഘർ തിരംഗ

രാജ്യത്ത് സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഹർ ഘർ തിരംഗ പ്രചാരണത്തിന് തുടക്കമായി. ദേശീയ പതാക ഉയർത്താനും ദേശസ്നേഹം, ദേശീയ ഐക്യം, ഇന്ത്യയുടെ സാംസ്കാരിക പൈതൃകം എന്നിവ ആഘോഷിക്കാനും പൗരന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം. ക്യാമ്പയിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള 200-ലധികം ഇന്ത്യൻ എംബസികൾ, ഹൈക്കമ്മീഷനുകൾ, കോൺസുലേറ്റുകൾ എന്നിവ നിരവധി പരിപാടികൾ സംഘടിപ്പിക്കും. ഈ മാസം 17 വരെ ഹർ ഘർ തിരംഗ പ്രചാരണം നീണ്ടുനിൽക്കും.

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി

ഹർ ഘർ തിരംഗ' പ്രചാരണപരിപാടി രാജ്യവ്യാപകമായ ജനകീയ പ്രസ്ഥാനമായി മാറിയെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. 'ഹർ ഘർ തിരംഗ' യജ്ഞത്തിന്റെ ഭാഗമായി ആൻഡമാൻ നിക്കോബാറിലെ ശ്രീവിജയപുരത്തെ ഫ്ലാഗ് പോയിന്റിൽ ദേശീയപതാക ഉയർത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ഓരോ വീടുകളിലും ദേശീയപതാക ഉയർത്തുന്നത് പൗരന്മാരിൽ രാജ്യസ്നേഹവും ഐക്യവും കൂട്ടായ ഉത്തരവാദിത്തവും വളർത്തുമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. പുതുച്ചേരിയിലെ മുരുഗ തിയേറ്റർ സിഗ്നലിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഹർ ഘർ തിരംഗ യാത്ര ഫ്ലാഗ് ഓഫ് ചെയ്തു.

RNU TVPM

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - വി.ഡി സതീശൻ

പട്ടികവർഗ ഊരുകളിൽ മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ട്രൈബൽ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ച "തദ്ദേശീയ ജനതയുടെ

അന്തർദേശീയ ദിനാചരണ"ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭവനനിർമാണം സംബന്ധിച്ച് പരാതികൾ ഉയരുന്നത് പരിഹരിക്കുന്നതിനായി ലൈഫ് മിഷനിൽ നിന്നു മാറ്റി പട്ടികജാതി, വർഗവിഭാഗത്തിന് പ്രത്യേക ഭവന പദ്ധതി ആരംഭിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**<u>മന്ത്രി ടി സിദ്ധിഖ് (ഇൻട്രോ)</u>**

സംസ്ഥാനത്ത് കനത്ത മഴയിൽ വ്യാപക കൃഷിനാശമുണ്ടായതായി മന്ത്രി ടി സിദ്ധിഖ്. 45,904 കർഷകരെ മഴക്കെടുതി ബാധിച്ചതായും 9,332 ഹെക്ടർ കൃഷിഭൂമിക്ക് നാശം സംഭവിച്ചതായും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. 110 കോടി രൂപയുടെ അടിയന്തര ധനസഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതായും മന്ത്രി വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്)**

2025 ലെ സംസ്ഥാന കാർഷിക പുരസ്കാരങ്ങളും മന്ത്രി പ്രഖ്യാപിച്ചു. കാർഷിക മേഖലയിലെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരത്തിന് ചെറുവയൽ രാമൻ അർഹനായി. മികച്ച ജൈവ കർഷകനുള്ള പുരസ്കാരം കൊടുങ്ങല്ലൂർ സ്വദേശി വി വൈ ഷാജഹാനും കർഷകോത്തമ പുരസ്കാരം രാജ നാരായണനും ലഭിച്ചു. പുരസ്കാരങ്ങൾ ഈ മാസം 17 ന് മുഖ്യമന്ത്രി വി ഡി സതീശൻ എറണാകുളം കളമശേരിയിൽ വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&

**<u>മഴക്കെടുതി - യോഗം</u>**

മഴക്കെടുതിയുമായി ബന്ധപ്പെട്ട് ചൊവ്വാഴ്ച തിരുവനന്തപുരത്ത് പ്രത്യേക യോഗം ചേരും. കൃഷിമന്ത്രി ടി. സിദ്ദിഖിൻറെയും സഹകരണമന്ത്രി എം. ലിജുവിൻറെയും നേതൃത്വത്തിലാണ് യോഗം. കർഷകരെ എങ്ങനെയൊക്കെ സഹായിക്കാം എന്ന് യോഗത്തിൽ ചർച്ച ചെയ്യും. അതുമായി ബന്ധപ്പെട്ട്

RNU TVPM

യോഗത്തിൽ പദ്ധതികൾ രൂപപ്പെടുത്തും. വിവിധ ധനകാര്യ സ്ഥാപനങ്ങളും ഏജൻസികളും യോഗത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## പത്തനംതിട്ട മഴ (ഇൻട്രോ)

അതിശക്തമായ മഴ ഇല്ലാതാക്കിയത് പത്തനംതിട്ട ജില്ലയിലെ കർഷകരുടെ ഓണക്കാല പ്രതീക്ഷകളെ. നാശം വിതച്ച മിന്നൽ പ്രളയത്തിലും തുടർന്നുള്ള ഏഴു ദിനങ്ങളിലുമായി ജില്ലയിൽ 407.36 ഹെക്ടർ ഭൂമിയിലെ 12.74 കോടി രൂപയുടെ കൃഷിയാണ് വെള്ളത്തിലായത് .

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്. ശ്രീധർ.....**

(വോയ്സ്)

&&&&&&&&&&&&&&&&&&

## ഒ.ജെ ജനീഷ് -മേരാ യുവഭാരത്

രാജ്യത്തെ യുവാക്കളെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലേക്ക് കൈപിടിച്ചു നടത്തിയ പ്രസ്ഥാനമാണ് മേരാ യുവഭാരത് എന്ന് മന്ത്രി ഒ.ജെ ജനീഷ്. നശാ മുക്ത് യുവ വികസിത് ഭാരത് സങ്കൽപ് അഭിയാൻ' പരിപാടിയുടെ ഭാഗമായി തൃശൂരിൽ സംസ്ഥാനതല മത്സരങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. നെഹ്റു യുവകേന്ദ്രയുടെ വോളണ്ടിയർ ആയി പ്രവർത്തിച്ചിരുന്ന കാലത്തു കിട്ടിയ അനുഭവങ്ങൾ തനിക്ക് പൊതു പ്രവർത്തനത്തിൽ ഗുണം ചെയ്തെന്നും ഒ.ജെ ജനീഷ് പറഞ്ഞു.

PNU TVPM

&&&&&&&&&&&&&&&&&&

## ബാഡ്മിൻറൺ

കൊറിയ മാസ്റ്റേഴ്സ് സൂപ്പർ 300 ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീടം ഇന്ത്യയുടെ അഷ്മിത ചാലിഹയ്ക്ക്. ഇന്ന് പുലർച്ചെ നടന്ന ഫൈനലിൽ ചൈനയുടെ ഹാൻ ക്വിയാനെ പരാജയപ്പെടുത്തിയാണ് കിരീടം സ്വന്തമാക്കിയത്.

അഷ്മിതയുടെ ആദ്യ ബി.ഡബ്ല്യു.എഫ് കിരീടമാണിത്.

&&&&&&&&&&&&&&&&&&

## മഴ

ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഇന്ന് 7 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് മഞ്ഞ ജാഗ്രതയുള്ളത്. നാളെ ഒരു ജില്ലയിലും മഴ മുന്നറിയിപ്പ് നൽകിയിട്ടില്ല. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## കള്ളക്കടൽ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ മുതൽ പൊഴിയൂർ വരെയും ഇടവ മുതൽ കൊല്ലം ആലപ്പാട്ട് വരെയുള്ള തീരങ്ങളിലും, കന്യാകുമാരി തീരത്തും നാളെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുള്ളതായി ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## ഗവർണർ

പത്മനാഭസ്വാമി ക്ഷേത്രത്തെ ആസ്പദമാക്കി ഇന്ത്യ പോസ്റ്റ് പുറത്തിറക്കുന്ന 'പെർമനന്റ് പിക്റ്റോറിയൽ ക്യാൻസലേഷൻ', 'സ്പെഷ്യൽ കവർ' എന്നിവ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നാളെ തിരുവനന്തപുരത്ത് പ്രകാശനം ചെയ്യും. കേരള സർക്കിൾ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ അമിതാഭ് സിംഗ്, മേയർ വി.വി രാജേഷ് തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## അർജുൻ ആയങ്കി - റിമാൻഡിൽ

കണ്ണൂരിൽ പിടിയിലായ അർജുൻ ആയങ്കി 14 ദിവസത്തേക്ക് റിമാൻഡിൽ. കൂത്തുപറമ്പ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റാണ് റിമാൻഡ് ചെയ്തത്. പ്രതിയെ തലശേരി സബ്

RNU TVPM

ജയിലിലേക്ക് മാറ്റും. പൊലീസിനെയും സർക്കാരിനെയും വെല്ലുവിളിച്ച് ഒളിവിൽ കഴിയുകയായിരുന്ന ക്രിമിനൽ കേസ് പ്രതി അർജുനെ ഇന്ന് പുലർച്ചെയാണ് കണ്ണൂരിൽ നിന്ന് പിടികൂടിയത്.

&&&&&&&&&&&&&&&&&&

## കാസർഗോഡ് - ക്വിസ് വിവാദം

കാസർകോട്ട് ക്വിസ് മത്സരത്തിൽ വിവാദ ചോദ്യാവലി തയ്യാറാക്കിയ അധ്യാപകനെ വിദ്യാഭ്യാസ മന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സസ്പെൻഡ് ചെയ്തു. പള്ളത്തടുക്ക എ യു പി സ്കൂൾ അധ്യാപകനായ ഗുരുപ്രസാദിനെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്.

&&&&&&&&&&&&&&&&&&

## കെ. മുരളീധരൻ

RNU TVPM

ആരോഗ്യവകുപ്പിലെ താത്കാലിക ജീവനക്കാർക്ക് ഇ.എസ്.ഐ ആനുകൂല്യം ഉറപ്പാക്കുമെന്ന് മന്ത്രി കെ. മുരളീധരൻ. സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി എന്നിവ മുഖേന നിയമിച്ചിരിക്കുന്ന താത്കാലിക ജീവനക്കാർക്കാണ് ആനുകൂല്യം ലഭ്യമാകുക.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&